26 (528) **കേരള സ്റ്റീൽ ഇൻഡസിട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ നടന്ന സിവിൽ വർക്കുകൾ**

<u>ശ്രീ. വി. ബാലറാം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ 1996 ജൂൺ മുതൽ 1999 ഫെബ്രുവരി വരെ പത്രങ്ങളിൽ പരസ്യം ചെയ്യാതെ സിവിൽ വർക്കുകൾ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു തുകയുടെ വർക്കുകൾ ചെയ്തു;

(സി) ഇതു സംബന്ധിച്ച കരാറുകാർ ആരെല്ലാമായിരുന്നു;

(ഡി) ഓരോ കരാറുകാരനും ഈ ഇനത്തിൽ കൊടുത്ത തുക എത്ര;

(ഇ) ഈ ഘട്ടത്തിൽ ഒറ്റ ക്വട്ടേഷൻ അടിസ്ഥാനത്തിൽ ഉറപ്പിച്ച സിവിൽ വർക്കുകൾക്കായി എന്തു തുക നൽകിയിട്ടുണ്ട്;

(എഫ്) ഈ വർക്കുകൾ ചെയ്ത കരാറുകാർ ആരെല്ലാമാണ്; ഇവർക്ക് ഓരോരുത്തർക്കും കൊടുത്ത തുകയെത്ര;

(ജി) ഈ വർക്കുകൾ സംബന്ധിച്ച് പത്രങ്ങളിൽ പരസ്യം ചെയ്യാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)1996 ജൂൺ മുതൽ 1999 ഫെബ്രുവരി വരെ മൊത്തം 13,82,372.84 രൂപയ്ക്കുള്ള 42 ഇനങ്ങളിൽപ്പെട്ട സിവിൽ വർക്കുകൾ ചെയ്തിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച കരാറുകാർ താഴെ പറയുന്നവരാണ്.

1) മെസ്സേഴ്സ് സിൽക്ക് എംപ്ലോയിസ് വെൽഫെയർ സൊസൈറ്റി.
2) ശ്രീ.പി.കെ. രാമചന്ദ്രൻ.
3) ശ്രീ. വി.മധുകൃഷ്ണൻ
4) ശ്രീ. കെ.എസ്.ഗിരീഷ്.
5) സിൽക്കിന്റെ സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ്.

(ഡി) ഓരോ കരാറുകാരനും കൊടുത്ത തുക താഴെ ചേർക്കുന്നു.

1) മെസ്സേഴ്സ് സിൽക്ക് എംപ്ലോയീസ് വെൽഫെയർ സൊസൈറ്റി (34 ഇനം ജോലികൾ) - 8,27,863.52 രൂപ
2) ശ്രീ പി.കെ രാമചന്ദ്രൻ (5 ഇനം ജോലികൾ)- 56,813.32 രൂപ
3) ശ്രീ വി. മധുകൃഷ്ണൻ (1 ഇനം) - 7,940 രൂപ
4) ശ്രീ. കെ.എസ്.ഗിരീഷ് (1 ഇനം ജോലി) - 2,340 രൂപ
5) സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ് - (1 ഇനം ജോലി) 4,87,416 രൂപ

ആകെ - 13,82,372.84 രൂപ

(ഇ) 13,82,372.84 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ വർക്കുകൾ ചെയ്ത കരാറുകാരും അവർക്കു കൊടുത്തിട്ടുള്ള തുകയും താഴെ ചേർക്കുന്നു.

1) മെസ്സേഴ്സ് സിൽക്ക് എംപ്ലോയീസ് വെൽഫെയർ സൊസൈറ്റി - 8,27,863.52 രൂപ
2) ശ്രീ. പി.കെ രാമചന്ദ്രൻ - 56,813.32 രൂപ
3) ശ്രീ. വി. മധുകൃഷ്ണൻ - 7,940 രൂപ
4) ശ്രീ. കെ.എസ്. ഗിരീഷ് - 2,340 രൂപ
5) സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ് - 4,87,416 രൂപ

(ജി) അടിയന്തിരമായി ചെയ്തുതീർക്കേണ്ട ജോലികളായതിനാൽ കാലതാമസം നേരിടാതിരിക്കാൻ വേണ്ടിയും മേൽപറഞ്ഞ ജോലികളിൽ പലതും ചെറിയ തുകയ്ക്കുള്ളതും ആയതുകൊണ്ടാണ് പത്രങ്ങളിൽ പരസ്യം ചെയ്യാതിരുന്നത്.

27 (529) മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ ജീവനക്കാർ

ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ എക്സിക്യൂട്ടീവ്, മിഡിൽ ലെവൽ എക്സിക്യൂട്ടീവ്, ലോവർ കാറ്റഗറി, വർക്കർ കാറ്റഗറി എന്നീ ഓരോ ഇനങ്ങളിലും ഉള്ള ജീവനക്കാരുടെ എണ്ണം എത്രയാണ്; ഓരോ വിഭാഗത്തിലേയും പട്ടിക ജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം എത്രയാണ്;

(ബി) പട്ടിക വിഭാഗക്കാർക്ക് നിയമനത്തിൽ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ വേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 20/3/1985-ലെ ജി.ഒ.(എം.എസ്) നമ്പർ 114/85/ജി.എ.ഡി, 10/11/1993-ലെ ജി.ഒ.(എം,എസ്)നമ്പർ 23/93/പ്ലാനിംഗ് 22/1/1994-ലെ ജി.ഒ.(എം.എസ്) നമ്പർ 25/94/ജി.ഡി. അടക്കമുള്ള വിവിധ ഉത്തരവുകൾ ഈ കമ്പനിയിൽ നടപ്പാക്കിയിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കുറ്റക്കാർക്കെതിരെ ഉചിതമായ നടപടി എടുക്കാൻ സർക്കാർ തയ്യാറാകുമോ;

(ഡി) പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യക്കുറവ് സമയബന്ധിതമായി പരിഹരിക്കാൻ എന്തു നടപടിയെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ 16/6/1999-ലെ കണക്ക് അനുസരിച്ച് എക്സിക്യൂട്ടീവ്/മിഡിൽ ലെവൽ, എക്സിക്യൂട്ടീവ് ലോവർ കാറ്റഗറി, വർക്കർ കാറ്റഗറി എന്നീ വിഭാഗങ്ങളിൽ ആയിരത്തി ഒരു നൂറ് ജീവനക്കാരുണ്ട്. ടി ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് ഇനിപ്പറയും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly